## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2784** 14.02.2013 -ൽ മറുപടിക്ക്.

### സ്വകാര്യ മേഖലയിലെ നേഴ്സ്മാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. വി. റ്റി. ബൽറാം :<br>ശ്രീ. ഹൈബി ഈഡൻ :<br>ശ്രീ. ആർ. സെൽവരാജ് : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലെ നേഴ്സ്മാർക്ക് മിനിമം വേതനം നൽകാൻ രൂപീകരിച്ച പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (എ) സംസ്ഥാനത്തെ നേഴ്സിംഗ് മേഖല ഉൾപ്പെടെയുള്ള തൊഴിലാളികളുടെ വേതന പരിഷ്കരണം ഇത് സംബന്ധിച്ച് രൂപീകരിച്ച വ്യവസായബന്ധ സമിതിയുടെ പരിശോധനയിലാണ്. സംസ്ഥാനത്തെ വിവിധ മേഖലയിലുള്ള നേഴ്സുമാർ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് ബാങ്ക് മുഖേന ശമ്പളം നൽകുന്നതിനും ആയത് മോണിട്ടർ ചെയ്യുന്നതിനും പ്രൊട്ടക്ഷൻ സിസ്റ്റം കൊണ്ടുവരുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കാമോ;<br><br>(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) & (സി) ഏജൻസികളെ തീരുമാനിച്ചിട്ടില്ല. ഇത് സംബന്ധിച്ച് സർക്കാരിനെ സമീപിച്ചിട്ടുള്ള വിവിധ ഏജൻസികളിൽനിന്നും ലഭിച്ച പ്രൊപ്പോസൽ പരിശോധിച്ച് സ്കീം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ.